©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനാലാം കേരള നിയമസഭ**

# പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി
# (2019-2021)

## നൂറ്റിപത്തൊൻപതാമത് റിപ്പോർട്ട്

**( 18-1-2021-ന് സഭയിൽ സമർപ്പിച്ചത്)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2021

പതിനാലാം കേരള നിയമസഭ

# പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2019-2021)

## നൂറ്റിപത്തൊൻപതാമത് റിപ്പോർട്ട്

## കേരള വിനോദസഞ്ചാര വികസന കോർപ്പറേഷൻ ലിമിറ്റഡിനെ സംബന്ധിച്ചത്

(കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ
2016 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ
പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച
റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയുള്ളത്)

371/2021.

<u>ഉള്ളടക്കം</u>


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം - 1 | | |
| സമിതിയുടെ നിഗമനങ്ങളും ശിപാർശകളും | .. | 6 |
| അനുബന്ധം -2 | | |
| ഓഡിറ്റ് ഖണ്ഡികയിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടി | .. | 8 |

## സമിതിയുടെ ഘടന
(2019-2021)

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. സി. ദിവാകരൻ

<u>അംഗങ്ങൾ</u> :

ശ്രീ. കെ. ബി. ഗണേഷ് കുമാർ

ശ്രീ. സി. കൃഷ്ണൻ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. പി. ടി. എ. റഹീം

ശ്രീ. എസ്. രാജേന്ദ്രൻ

ശ്രീ. രാജു എബ്രഹാം

ശ്രീ. സണ്ണി ജോസഫ്

ശ്രീ. എം. ഉമ്മർ

ശ്രീ. പി. ഉണ്ണി.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ബി. റെജി, ജോയിന്റ് സെക്രട്ടറി

ശ്രീ. എ. ജാഫർ ഖാൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി  രജി ഡി. ഒ., അണ്ടർ സെക്രട്ടറി.

# ആമുഖം

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2019-2021) യുടെ അദ്ധ്യക്ഷനായ ഞാൻ, കേരള വിനോദ സഞ്ചാര വികസന കോർപ്പറേഷൻ ലിമിറ്റഡ് (കെ.റ്റി.ഡി.സി.)എന്ന പൊതുമേഖലാ സ്ഥാപനത്തെ സംബന്ധിച്ച് ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2016 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.7-ന്മേൽ തയ്യാറാക്കിയ 119-ാമത് റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നു.

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2016 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 23-5-2017-ാം തീയതി സഭയിൽ സമർപ്പിച്ചു. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2016-2019)-ന്റെ 18-7-2018-ൽ കൂടിയ സമിതി യോഗം ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഓഡിറ്റ് ഖണ്ഡികയുമായി ബന്ധപ്പെട്ട് വിനോദസഞ്ചാര വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തി.

സമിതി (2019-2021)-ന്റെ 11-1-2021-ലെ യോഗം പ്രസ്തുത റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഓഡിറ്റ് ഖണ്ഡിക പരിഗണനാവേളയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളയ്ക്കും തെളിവെടുപ്പിന് ഹാജരായി സമിതി ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയ വിനോദസഞ്ചാര വകുപ്പിലെയും കേരള വിനോദസഞ്ചാര വികസന കോർപ്പറേഷൻ ലിമിറ്റഡിലെയും ഉദ്യോഗസ്ഥർക്കും സമിതി നന്ദി അറിയിക്കുന്നു.

സി. ദിവാകരൻ,

*ചെയർമാൻ,*
*പൊതുമേഖലാ സ്ഥാപനങ്ങളെ*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2021 ജനുവരി 11.

# റിപ്പോർട്ട്

## കേരള വിനോദസഞ്ചാര വികസന കോർപ്പറേഷൻ ലിമിറ്റഡിനെ സംബന്ധിച്ചത്

**പരിസ്ഥിതി അനുമതി ലഭ്യമാക്കാതിരിക്കൽ-ഓഡിറ്റ് ഖണ്ഡിക 3.7 (2015-16)**

ഭാരതസർക്കാരിന്റെ വനവും പരിസ്ഥിതിയും മന്ത്രാലയത്തിൽ നിന്നും അനുമതി ലഭ്യമാകുന്നതിനുമുമ്പ് ബോട്ടുകൾ വാങ്ങാൻ കമ്പനി തീരുമാനിച്ചത് ലഭ്യമാകേണ്ടിയിരുന്ന ₹ 1.45 കോടി വാർഷിക വരുമാനം ഈടാക്കാതിരിക്കുന്നതിൽ കലാശിച്ചു.

1980-ലെ വന (സംരക്ഷണ) നിയമത്തിന്റെ സെക്ഷൻ 2 പ്രകാരം വനേതര ഉദ്ദേശ്യങ്ങൾക്ക് റിസർവ് വനം ഉപയോഗിക്കുന്നതിന് ഭാരതസർക്കാരിന്റെ (ജി.ഒ.ഐ.) വനവും പരിസ്ഥിതിയും മന്ത്രാലയത്തിന്റെ (എം.ഒ.ഇ.എഫ്) മുൻകൂർ അംഗീകാരം ആവശ്യമാണ്. കൂടാതെ 1972-ലെ വന്യജീവി സംരക്ഷണ നിയമം സെക്ഷൻ 38-ന്റെ ഉപവകുപ്പ് (സി) യിൻ കീഴിൽ ദേശീയ കടുവ സംരക്ഷണ അതോറിറ്റി പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് കടുവാ സംരക്ഷണമേഖലയിലെ എല്ലാ വിനോദസഞ്ചാര സൗകര്യങ്ങളും എല്ലാവിധ പരിസ്ഥിതി അനുമതികൾക്കും വിധേയമായിട്ടായിരിക്കുകയും വേണം.

കേരള വിനോദസഞ്ചാര വികസന കോർപ്പറേഷൻ ലിമിറ്റഡ് (കമ്പനി) കേരളത്തിലെ വിനോദസഞ്ചാരപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. പെരിയാർ തടാകത്തിലൂടെയുള്ള (ഒരു സംരക്ഷിത വനമേഖല) ബോട്ടുയാത്രയ്ക്കായി വിനോദസഞ്ചാരികളുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ജൂൺ 2012-ൽ കമ്പനി ഒരു 120 സീറ്റുള്ള കറ്റാമരൻ[101] ബോട്ട് വാങ്ങുന്നതിന് തീരുമാനിച്ചു. അതിനായി ജി.ഒ.കെ.-യുടെ അനുമതി നേടുകയും (ആഗസ്റ്റ് 2012) ചെയ്തു. ₹1.50 കോടിക്ക് കറ്റാമരൻ ബോട്ടുവാങ്ങുന്നതിന് അനുമതി നൽകിയപ്പോൾ എല്ലാ നടപടിക്രമങ്ങളും പാലിച്ചിരിക്കണമെന്ന് ജി.ഒ.കെ. നിർദ്ദേശിച്ചിരുന്നു. അതിനുശേഷം കമ്പനി ചീഫ് എഞ്ചിനീയറുടെ ശിപാർശയനുസരിച്ച് കമ്പനിയുടെ സ്വന്തം ഫണ്ടിൽനിന്നും ഒരു കറ്റാമരൻ ബോട്ടുകൂടി വാങ്ങുന്നതിന് കമ്പനി തീരുമാനിച്ചു. രണ്ട് കറ്റാമരൻ ബോട്ടുകൾ നീറ്റിലിറക്കുമ്പോൾ പ്രതീക്ഷിക്കപ്പെട്ടിരുന്ന വാർഷിക വരുമാനം ₹ 1.45 കോടി ആയിരുന്നു.

കമ്പനി രണ്ട് 120 സീറ്റുള്ള കറ്റാമരൻ ബോട്ടു വാങ്ങുന്നതിന് ₹2.40 കോടിയുടെ മതിപ്പു ചെലവ് കണക്കാക്കി ദർഘാസ് ക്ഷണിച്ചു (ഡിസംബർ 2012). അർഹരാക്കപ്പെട്ട ഏക ബിഡർ ആയ പ്രാഗ്യമറൈൻ പ്രൈവറ്റ് ലിമിറ്റഡ് (പി.എം.പി.എൽ.) നെ

101 തുല്യവലുപ്പത്തിലുള്ള രണ്ട് സമാന്തര ഹള്ളുകളുള്ള ജലനൗകയാണ് കറ്റാമരൻ

₹2.30 കോടിക്ക് കമ്പനി ജോലി ഏൽപ്പിച്ചു (മാർച്ച് 2013). ഇതിനായി ജി.ഒ.കെ. ₹1.50 കോടി ഗ്രാന്റായി നൽകി (മേയ് 2014). മൂന്നു മാസത്തിനുള്ളിൽ (ജൂൺ 2013) വിതരണം ചെയ്യേണ്ടിയിരുന്ന രണ്ടു ബോട്ടുകളും നവംബർ 2014-ന് വിതരണത്തിന് തയ്യാറായിരുന്നെങ്കിലും ബോട്ടുകൾ ഓടിക്കാനുള്ള നിർബന്ധമായും നേടേണ്ട വനംവകുപ്പിന്റെ അനുമതി ലഭ്യമാകാതിരുന്നതിനാൽ, അവ ഏറ്റെടുക്കാൻ കമ്പനിക്ക് നാളിതുവരെ (ഡിസംബർ 2016) സാധിച്ചിട്ടില്ല.

**ഓഡിറ്റിൽ ശ്രദ്ധിക്കപ്പെട്ട കാര്യങ്ങൾ**

ഭാരതസർക്കാരിന്റെ എം.ഒ.ഇ.എഫ്.-ൽ നിന്നും കേരള സർക്കാരിന്റെ വനം വകുപ്പിൽ നിന്നും ക്ലിയറൻസുകളും അനുമതിയും കിട്ടുന്നതിനുമുമ്പ് കമ്പനി ടെണ്ടർ ക്ഷണിച്ചു. (ഡിസംബർ 2012). എം.ഒ.ഇ.എഫ്.-ൽ നിന്നുള്ള വനം വകുപ്പിന്റെ അനുമതിക്ക് അപേക്ഷ നൽകിയത് 2016 സെപ്റ്റംബറിൽ മാത്രമാണ്. തൽഫലമായി പി.എം.പി.എൽ. ബോട്ടുകൾ വിതരണത്തിന് തയ്യാറാണെന്ന് അറിയിച്ചിട്ടും (നവംബർ 2014) കമ്പനി ആ ബോട്ടുകൾ ഇതുവരെ ഏറ്റെടുത്തിട്ടില്ല (ഡിസംബർ 2016). കൂടാതെ കമ്പനി ഓൺലൈനിൽ നൽകിയ (സെപ്റ്റംബർ 2016) അപേക്ഷ കേരള സർക്കാരിന്റെ വനം വകുപ്പ്, ന്യൂനതകൾ പരിഹരിക്കുന്നതിന് തിരികെ നൽകിയത് (സെപ്റ്റംബർ 2016) ഇപ്പോഴും തീരുമാനമാകാതെയിരിക്കുന്നു. (ഡിസംബർ 2016). ഇതിന്റെ ഫലമായി വിനോദസഞ്ചാരികൾക്ക് കൂടുതൽ ബോട്ടിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തികൊണ്ട് വരുമാനം വർദ്ധിപ്പിക്കാമെന്നുള്ള മാർഗ്ഗം പ്രയോജനപ്പെടുത്താൻ കമ്പനിക്ക് കഴിഞ്ഞില്ല.

കമ്പനിയും കോൺട്രാക്ടറും തമ്മിലുള്ള കരാറിൽ ബോട്ട് വാങ്ങുന്നതിന് മുൻകൂർ പണം നൽകാൻ വ്യവസ്ഥ ഇല്ലാതിരുന്നിട്ടുകൂടി കമ്പനി കോൺട്രാക്ടർക്ക് ₹0.46 കോടി പലിശരഹിത മുൻകൂർ കൊടുത്തത് (ജൂൺ 2013) ഇപ്പോഴും തീർപ്പാകാതെയിരിക്കുന്നു.

ഭാരതസർക്കാരിന്റെ എം.ഒ.ഇ.എഫ്.-ൽ നിന്നും അംഗീകാരം കിട്ടുന്നതിന് അപേക്ഷിച്ചിട്ടുണ്ടെന്ന് (സെപ്റ്റംബർ 2016) കേരള സർക്കാർ മറുപടി നൽകി (നവംബർ 2016). എം.ഒ.ഇ.എഫ്.-ൽ നിന്നുമുള്ള അനുമതി മുൻകൂർ എടുക്കേണ്ടതായിരുന്നുവെന്നുള്ളതു കൊണ്ട് മറുപടി സ്വീകാര്യമല്ല. ആയതിനാൽ എം.ഒ.ഇ.എഫ്.-ൽ നിന്നും അനുമതി നേടുന്നതിന് കമ്പനിയുടെ ഭാഗത്തുനിന്നുണ്ടായ നിഷ്ക്രിയത്വവും കാലതാമസവും കാരണം കോൺട്രാക്ടർക്ക് ബോട്ടുകൾ കമ്പനിക്ക് നൽകാൻ കഴിഞ്ഞില്ല (ഡിസംബർ 2016). ഇത്, ലഭ്യമാകേണ്ടിയിരുന്ന ₹1.45 കോടി വാർഷിക വരുമാനം നേടാതിരിക്കാനും ജൂൺ 2013 മുതൽ ₹0.46 കോടി കെട്ടിക്കിടക്കുന്നതിൽ കലാശിക്കുകയും ചെയ്തു.

(2016 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ട് നമ്പർ 4-ലെ ഓഡിറ്റ് ഖണ്ഡിക 3.7-മായി ബന്ധപ്പെട്ടത്).

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം 2-ായി ചേർത്തിരിക്കുന്നു.

## സമിതി നടത്തിയ ചർച്ചയുടെ വിശദാംശങ്ങളും കണ്ടെത്തലുകളും

കേന്ദ്ര വനവും പരിസ്ഥിതിയും മന്ത്രാലയത്തിന്റെ അനുമതി ലഭ്യമാകാതെ പെരിയാർ തടാകത്തിലൂടെയുള്ള വിനോദയാത്രയ്ക്കായി 2 കറ്റാമരൻ ബോട്ടുകൾ വാങ്ങാൻ കമ്പനി തീരുമാനമെടുത്തതിന്റെ ഫലമായി കോർപ്പറേഷന് ലഭിക്കേണ്ട 1.45 കോടി രൂപയുടെ വാർഷിക വരുമാനം നഷ്ടമായത് സംബന്ധിച്ചുള്ള വിശദീകരണം സമിതി ആവശ്യപ്പെട്ടതിന്, കേന്ദ്ര വനവും പരിസ്ഥിതിയും മന്ത്രാലയത്തിന്റെ അനുമതി ഇല്ലാതെ 2012-ൽ രണ്ട് പുതിയ ബോട്ടുകൾ വാങ്ങുന്നതിന് കെ.റ്റി.ഡി.സി. ടെണ്ടർ ക്ഷണിക്കുകയും ബോട്ടുനിർമ്മാണം ആരംഭിക്കുന്നതിന് മുൻപ് ക്ലിയറൻസിനായി വനം വകുപ്പിനെ സമീപിക്കുകയും ചെയ്തുവെങ്കിലും കേന്ദ്ര വനവും പരിസ്ഥിതിയും മന്ത്രാലയത്തിന്റ അനുമതി ഇല്ലാതിരുന്നതിനാൽ വനം വകുപ്പിൽ നിന്നും ബോട്ടുകൾ അസംബിൾ ചെയ്യുന്നതിന് ക്ലിയറൻസ് ലഭ്യമായില്ലെന്നും. 2017 മാർച്ച് മാസം മാത്രമാണ് ക്ലിയറൻസ് ലഭിച്ചതെന്നും അസംബിൾ ചെയ്ത ഒരു ബോട്ട് 2017 ഡിസംബർ മുതൽ സർവ്വീസ് നടത്തിവരുന്നതായും രണ്ടാമത്തെ ബോട്ടിന്റെ പണി ഏകദേശം പൂർത്തിയായെന്നും താമസിയാതെ സർവ്വീസ് നടത്താനാവുമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ ബോധിപ്പിച്ചു. ബോട്ടിംഗ് നടത്തുന്ന പ്രദേശം കടുവാ സംരക്ഷണ മേഖലയായതിനാൽ കേന്ദ്രത്തിന്റെ പാരിസ്ഥിതികാനുമതി ലഭ്യമാകാൻ പല മാനദണ്ഡങ്ങളും ഉള്ളതുകൊണ്ട് ഇക്കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ലായെന്നും, യഥാസമയം ക്ലിയറൻസ് നേടി ബോട്ടുകൾ സർവ്വിസ് നടത്തിയിരുന്നുവെങ്കിൽ കെ.റ്റി.ഡി.സി-ക്ക് നാലുവർഷം നേടുവാൻ സാധിക്കുമായിരുന്ന ലാഭമാണ് പ്രതിവർഷം 1.45 കോടി രൂപയുടെ നഷ്ടമായി ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ളതെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ ബോധിപ്പിച്ചു.

കേന്ദ്ര വനവും പരിസ്ഥിതിയും മന്ത്രാലയത്തിന്റെ ക്ലിയറൻസ് ലഭിക്കാതെയും സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങാതെയും ബോട്ടുകൾ വാങ്ങുവാൻ തീരുമാനിച്ച കോർപ്പറേഷന്റെ നടപടിയെ സമിതി അപലപിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. ഇക്കാര്യത്തിൽ ഗുരുതരമായ നിയമലംഘനമാണ് കെ.റ്റി.ഡി.സി. നടത്തിയിരിക്കുന്നതെന്ന് നിരീക്ഷിച്ച സമിതി, വ്യക്തമായ നിയമങ്ങൾ നിലനിൽക്കെ പൊതുമേഖലാ സ്ഥാപനങ്ങൾ തന്നെ നിയമലംഘനം നടത്തിയാൽ അനുമതിയില്ലാതെ ബോട്ട് സർവ്വീസ് നടത്തുന്ന സ്വകാര്യ ബോട്ടുടമകൾക്കെതിരെ എങ്ങനെ നിയമ നടപടിയെടുക്കും എന്നതിന്റെ പ്രായോഗികത സംബന്ധിച്ച് ആശങ്ക പ്രകടിപ്പിക്കുകയും കെ.റ്റി.ഡി.സി.-യുടെ നടപടിയെ രൂക്ഷമായി വിമർശിക്കുകയും ചെയ്തു. കെ.റ്റി.ഡി.സി. നിലവിൽ പ്രവർത്തിപ്പിക്കുന്ന ബോട്ടുകളെക്കുറിച്ചും 2012 ഡിസംബർ മാസം 2.30 കോടി രൂപയ്ക്ക് പ്രാഗ്യമറൈൻ പ്രൈവറ്റ് ലിമിറ്റഡിനെ നിർമ്മാണത്തിനായി ഏൽപ്പിച്ച 120 സീറ്റ് വീതമുള്ള 2 കറ്റാമരൻ ബോട്ടുകൾ 2016 ഡിസംബർ വരെ കൈമാറാത്തതിനെക്കുറിച്ചും ഇതിനായി സംസ്ഥാന സർക്കാർ 1.50 കോടി രൂപ ഗ്രാന്റായി നൽകിയത് സംബന്ധിച്ചും സമിതി വിശദീകരണം ആവശ്യപ്പെട്ടു.

കെ.റ്റി.ഡി.സി. ഇപ്പോൾ അഞ്ച് ബോട്ടുകൾ പ്രവർത്തിപ്പിക്കുന്നുണ്ടെന്നും ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിക്കുന്ന 1.50 കോടി രൂപ മുൻകൂറായി നൽകിയിട്ടില്ലെന്നും 46 ലക്ഷം രൂപ മാത്രമാണ് നൽകിയിട്ടുള്ളതെന്നും ആകെ 90 ലക്ഷം രൂപ പേയ്മെന്റ് ആയി നൽകിയിട്ടുണ്ടെന്നും രണ്ടാമത്തെ ബോട്ടുകൂടി ഇറങ്ങിയാൽ ബാക്കി തുകകൂടി നൽകുന്നതാണെന്നും എം.ഡി. വ്യക്തമാക്കി.

എ.ജി.-യുടെ കണ്ടെത്തലിന് യഥാസമയം കൃത്യമായ മറുപടി നൽകിയിരുന്നുവെങ്കിൽ പ്രസ്തുത ഓഡിറ്റ് ഖണ്ഡിക ഒഴിവാക്കാൻ സാധിക്കുമായിരുന്നു എന്നും പ്രസ്തുത പരാമർശത്തിലുള്ള തുക നഷ്ടമായി കണക്കാക്കാൻ സാധിക്കില്ലെന്നും സമിതി വിലയിരുത്തി.

റവന്യൂ നഷ്ടം നികത്തുന്നതിന് ബോട്ട് യാത്രക്കാരിൽ നിന്ന് കൂടുതൽ തുക ഈടാക്കിയതിന്റെ മാനദണ്ഡം എന്താണെന്നും, ഇതിന് ആരാണ് അനുമതി നൽകിയതെന്നുമുള്ള ചോദ്യങ്ങൾ സമിതി ഉന്നയിച്ചു. നേരിട്ടുള്ള ടിക്കറ്റ് നിരക്ക് 100 രൂപയാണെന്നും 50% ത്തോളം ടിക്കറ്റുകൾ 500 രൂപ നിരക്കിൽ ഓൺലൈനിൽ അഡ്വാൻസ് ബുക്കിംഗ് ചെയ്യാൻ നീക്കിവെയ്ക്കുകയാണ് ചെയ്തിട്ടുള്ളതെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ മറുപടി നൽകി. 100 രൂപ വെച്ച് ബോട്ടിംഗ് നടത്തുമ്പോൾ നഷ്ടമാണുണ്ടാകുന്നതെന്നും ഓൺലൈൻ വഴി ബുക്ക് ചെയ്യുമ്പോൾ സീറ്റ് ഉറപ്പായി കിട്ടുന്നതുകൊണ്ട് വിദേശികളും ഇതര സംസ്ഥാനക്കാരുമായ സന്ദർശകർ 500 രൂപ കൊടുക്കാൻ തയ്യാറാകുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പ്രസ്തുത വിഷയത്തിൽ കെ.റ്റി.ഡി.സി. യുടെ വാദങ്ങൾ എന്തുതന്നെയായാലും യാത്രക്കാരിൽ നിന്ന് അമിത തുക ഈടാക്കുന്ന നടപടി ശരിയല്ലെന്നും പൊതുമേഖലാ സ്ഥാപനങ്ങൾ പൊതുജനങ്ങളുടെ താൽപര്യം കൂടി കണക്കിലെടുക്കണമെന്നും കാര്യങ്ങൾ കൃത്യമായ രീതിയിൽ ചെയ്തിരുന്നുവെങ്കിൽ സ്ഥാപനത്തിനുണ്ടായ നഷ്ടം ടിക്കറ്റ് നിരക്ക് വർദ്ധിപ്പിച്ച് നികത്തേണ്ടി വരുമായിരുന്നില്ലെന്ന മാത്രമല്ല കൂടുതൽ തുക ലാഭമുണ്ടാകുകയും ചെയ്യുമായിരുന്നു എന്നും സമിതി വിലയിരുത്തി. ഇതരസംസ്ഥാനങ്ങളിൽ നിന്നും വരുന്ന സാധാരണക്കാരെക്കൂടി കണക്കിലെടുത്ത്, മുൻകൂർ ബുക്കിംഗിനായി അമിത തുക ഈടാക്കുന്ന രീതി അവസാനിപ്പിക്കണമെന്നും അതിനുപകരം കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ കെ.റ്റി.ഡി.സി. ലാഭം ഉണ്ടാക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

**നിഗമനങ്ങൾ/ശിപാർശകൾ**

1. 1980-ലെ വന (സംരക്ഷണ) നിയമപ്രകാരം വനേതര ഉദ്ദേശ്യങ്ങൾക്ക് റിസർവ് വനം ഉപയോഗിക്കുന്നത് ഭാരത സർക്കാരിന്റെ വനവും പരിസ്ഥിതിയും മന്ത്രാലയത്തിന്റെ മുൻകൂർ അംഗീകാരത്തോടെയും, 1972-ലെ വന്യജീവി സംരക്ഷണ നിയമത്തിൻ കീഴിൽ ദേശീയ കടുവ സംരക്ഷണ അതോറിറ്റി പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരവും ആയിരിക്കണമെന്നുള്ള നിബന്ധനകൾ നിലനിൽക്കെ നടപടിക്രമങ്ങൾ പാലിക്കാതെ രണ്ട് പുതിയ ബോട്ടുകൾ വാങ്ങുന്നതിന് തീരുമാനിച്ച കമ്പനിയുടെ നടപടി ഗുരുതരമായ നിയമലംഘനമായി സമിതി നിരീക്ഷിച്ചു.

2. 120 സീറ്റുള്ള ഒരു കറ്റാമരൻ ബോട്ട് 1.50 കോടി രൂപയ്ക്ക് വാങ്ങുന്നതിനുള്ള അനുമതി കേരള സർക്കാർ നൽകുന്ന അവസരത്തിൽ, എല്ലാ നടപടിക്രമങ്ങളും കമ്പനി പാലിച്ചിരിക്കണമെന്ന് നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ഭാരത സർക്കാരിന്റെ വനവും പരിസ്ഥിതിയും മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി 2016 സെപ്റ്റംബറിൽ മാത്രമാണ് കമ്പനി അപേക്ഷ നൽകിയതെന്ന് സമിതി മനസ്സിലാക്കുന്നു. നടപടിക്രമങ്ങൾ പാലിക്കുന്നതിൽ കമ്പനിയുടെ ഭാഗത്തുനിന്നുണ്ടായ നിഷ്ക്രിയത്വവും അനാസ്ഥയും നിമിത്തം പണി പൂർത്തിയായ കറ്റാമരൻ ബോട്ടുകൾ കമ്പനിക്ക് ഏറ്റെടുക്കാൻ സാധിക്കാതെ വന്നതിനാൽ, കറ്റാമരൻ ബോട്ടുകൾ നീറ്റിലിറക്കുമ്പോൾ ലഭിക്കുമായിരുന്നുവെന്ന് പ്രതീക്ഷിക്കപ്പെട്ട വാർഷിക വരുമാനം നഷ്ടപ്പെടുന്നതിന് ഇടയായിയെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

3. വിനോദസഞ്ചാരികളുടെ വർദ്ധിച്ചുവരുന്ന ആവശ്യം കണക്കിലെടുത്ത് കമ്പനി വാങ്ങുവാൻ തീരുമാനിച്ച 120 സീറ്റുകളുള്ള രണ്ട് കറ്റാമരൻ ബോട്ടുകളിൽ ഒന്ന് 2017 ഡിസംബർ മാസം മുതൽ സർവ്വീസ് നടത്തിവരുന്നതായും രണ്ടാമത്തെ ബോട്ടിന്റെ സർവ്വീസ് അധികം വൈകാതെ നടത്താനാകുമെന്നും തെളിവെടുപ്പ് വേളയിൽ സമിതിക്ക് മനസ്സിലാക്കാൻ സാധിച്ചു. എന്നാൽ സംരക്ഷിത വനമേഖലയായ പെരിയാർ തടാകത്തിലൂടെയുള്ള ബോട്ടുയാത്രയ്ക്ക് ഭാരത സർക്കാരിന്റെ വനവും പരിസ്ഥിതിയും മന്ത്രാലയത്തിന്റെ അംഗീകാരം ലഭ്യമായിട്ടില്ലെന്ന് നിരീക്ഷിച്ച സമിതി, ഭാരത സർക്കാരിന്റെ വനവും പരിസ്ഥിതിയും മന്ത്രാലയത്തിന്റെ അംഗീകാരം ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു.

4. ഇതര സംസ്ഥാനങ്ങളിൽനിന്നും വരുന്ന സാധാരണക്കാരായ വിനോദസഞ്ചാരികളെക്കൂടി കണക്കിലെടുത്ത്, നിലവിൽ ഈടാക്കുന്നതിൽനിന്നും കുറഞ്ഞ നിരക്കിൽ ഓൺലൈൻ ബുക്കിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിച്ച്, ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിക്കുന്നു.

സി. ദിവാകരൻ,
*ചെയർമാൻ,*
*പൊതുമേഖലാ സ്ഥാപനങ്ങളെ*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം
2021 ജനുവരി 11.

## അനുബന്ധം-1

## സമിതിയുടെ നിഗമനങ്ങൾ/ശിപാർശകൾ

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട വകുപ്പ് | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 1 | വിനോദ സഞ്ചാരം | 1980-ലെ വന (സംരക്ഷണ) നിയമ പ്രകാരം വനേതര ഉദ്ദേശ്യങ്ങൾക്ക് റിസർവ് വനം ഉപയോഗിക്കുന്നത് ഭാരത സർക്കാരിന്റെ വനവും പരിസ്ഥിതിയും മന്ത്രാലയത്തിന്റെ മുൻകൂർ അംഗീകാരത്തോടെയും, 1972-ലെ വന്യജീവി സംരക്ഷണ നിയമത്തിൻ കീഴിൽ ദേശീയ കടുവ സംരക്ഷണ അതോറിറ്റി പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരവും ആയിരിക്കണമെന്നുള്ള നിബന്ധനകൾ നിലനിൽക്കെ നടപടിക്രമങ്ങൾ പാലിക്കാതെ രണ്ട് പുതിയ ബോട്ടുകൾ വാങ്ങുന്നതിന് തീരുമാനിച്ച കമ്പനിയുടെ നടപടി ഗുരുതരമായ നിയമലംഘനമായി സമിതി നിരീക്ഷിച്ചു. |
| | 2 | | 120 സീറ്റുള്ള ഒരു കറ്റാമരൻ ബോട്ട് 1.50 കോടി രൂപയ്ക്ക് വാങ്ങുന്നതിനുള്ള അനുമതി കേരള സർക്കാർ നൽകുന്ന അവസരത്തിൽ, എല്ലാ നടപടിക്രമങ്ങളും കമ്പനി പാലിച്ചിരിക്കണമെന്ന് നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ഭാരതസർക്കാരിന്റെ വനവും പരിസ്ഥിതിയും മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി 2016 സെപ്റ്റംബറിൽ മാത്രമാണ് കമ്പനി അപേക്ഷ നൽകിയതെന്ന് സമിതി മനസ്സിലാക്കുന്നു. നടപടിക്രമങ്ങൾ പാലിക്കുന്നതിൽ കമ്പനിയുടെ ഭാഗത്തു നിന്നുണ്ടായ നിഷ്ക്രിയത്വവും അനാസ്ഥയും നിമിത്തം പണി പൂർത്തിയായ കറ്റാമരൻ |

| | | | |
|---|---|---|---|
| | | | ബോട്ടുകൾ കമ്പനിക്ക് ഏറ്റെടുക്കാൻ സാധിക്കാതെ വന്നതിനാൽ, കറ്റാമരൻ ബോട്ടുകൾ നീറ്റിലിറക്കുമ്പോൾ ലഭിക്കുമായിരുന്നുവെന്ന് പ്രതീക്ഷിക്കപ്പെട്ട വാർഷിക വരുമാനം നഷ്ടപ്പെടുന്നതിന് ഇടയായിയെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| | 3 | | വിനോദസഞ്ചാരികളുടെ വർദ്ധിച്ചുവരുന്ന ആവശ്യം കണക്കിലെടുത്ത് കമ്പനി വാങ്ങുവാൻ തീരുമാനിച്ച 120 സീറ്റുകളുള്ള രണ്ട് കറ്റാമരൻ ബോട്ടുകളിൽ ഒന്ന് 2017 ഡിസംബർ മാസം മുതൽ സർവ്വീസ് നടത്തിവരുന്നതായും രണ്ടാമത്തെ ബോട്ടിന്റെ സർവ്വീസ് അധികം വൈകാതെ നടത്താനാകുമെന്നും തെളിവെടുപ്പ് വേളയിൽ സമിതിക്ക് മനസ്സിലാക്കാൻ സാധിച്ചു. എന്നാൽ സംരക്ഷിത വനമേഖലയായ പെരിയാർ തടാകത്തിലൂടെയുള്ള ബോട്ടുയാത്രയ്ക്ക് ഭാരതസർക്കാരിന്റെ വനവും പരിസ്ഥിതിയും മന്ത്രാലയത്തിന്റെ അംഗികാരം ലഭ്യമായിട്ടില്ലെന്ന് നിരീക്ഷിച്ച സമിതി, ഭാരത സർക്കാരിന്റെ വനവും പരിസ്ഥിതിയും മന്ത്രാലയത്തിന്റെ അംഗീകാരം ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു. |
| | 4 | | ഇതര സംസ്ഥാനങ്ങളിൽനിന്നും വരുന്ന സാധാരണക്കാരായ വിനോദസഞ്ചാരികളെ കൂടി കണക്കിലെടുത്ത് നിലവിൽ ഈടാക്കുന്നതിൽനിന്നും കുറഞ്ഞ നിരക്കിൽ ഓൺലൈൻ ബുക്കിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിച്ച്, ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിക്കുന്നു. |